LIBRARY ARCHIVES Kerala Legislative Assembly

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/ സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകളിൽ അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽ നിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

റേഷൻ മുൻഗണനാ പട്ടിക

297 (3325) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റേഷൻ മുൻഗണനാ വിഭാഗങ്ങളിലും മുൻഗണനേതര വിഭാഗങ്ങളിലുംപ്പെട്ടവരുടെ എണ്ണം എത്ര വീതമാണെന്ന് ഇനം തിരിച്ച് ജില്ല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

റേഷൻ വ്യാപാരികൾക്ക് കിറ്റ് വിതരണത്തിന് കമ്മീഷൻ

298 (3326) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നുണ്ടോ; വിശദമാക്കാമോ?

കോവിഡ് പശ്ചാത്തലത്തിൽ സൗജന്യ ഭക്ഷ്യകിറ്റുകൾ എല്ലാ വിഭാഗം കുടുംബങ്ങൾക്കും റേഷൻ കടകൾ വഴി വിതരണം ചെയ്ത വകയിൽ കമ്മീഷൻ നല്കുന്നുണ്ട്.

(ബി) ഈ ഇനത്തിൽ ചില്ലറ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നൽകാനുള്ള തുക കുടിശ്ശികയായിട്ടുണ്ടോ; എങ്കിൽ ആയത് എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഇനത്തിൽ 2020 സെപ്റ്റംബർ മുതൽ 2021 ഏപ്രിൽ വരെ മാസങ്ങളിലെ കമ്മീഷൻ തുക റേഷൻ വ്യാപാരികൾക്ക് അനുവദിച്ച് നൽകുവാനുണ്ട്. 2020 ഏപ്രിൽ, മേയ് മാസങ്ങളിലായി വിതരണം നടത്തിയ അതിജീവന കിറ്റുകളുടെ കമ്മീഷൻ 2020 ആഗസ്റ്റ് മാസത്തിലും 2020 ആഗസ്റ്റ്, സെപ്റ്റംബർ എന്നീ മാസങ്ങളിൽ വിതരണം ചെയ്ത ഓണക്കിറ്റുകളുടെ കമ്മീഷൻ 2021 ഫെബ്രുവരി മാസത്തിലും അനുവദിച്ച് നല്കിയിട്ടുണ്ട്. 2021 മേയ് മാസത്തെ കിറ്റുകളുടെ കമ്മീഷൻ നല്കുന്നതിന് സിവിൽ സപ്ലൈസ് ഡയറക്ടർക്ക് അനുമതി നല്കി സർക്കാർ ഉത്തരവായിട്ടുമുണ്ട്. 2020 സെപ്റ്റംബർ മുതൽ 2020 ഡിസംബർ വരെ നാല് മാസങ്ങളിലെ കിറ്റുകൾക്ക് കമ്മീഷൻ അനുവദിച്ച് നല്കുവാനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. 2021 ജനുവരി മുതൽ 2021 ഏപ്രിൽ വരെ നാല് മാസങ്ങളിലെ കിറ്റുകൾക്ക് കമ്മീഷൻ നല്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

തിരുവമ്പാടി മണ്ഡലത്തിൽ മൊബൈൽ റേഷൻ കടകൾ

299 (3327) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവമ്പാടി മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ റേഷൻ കടകൾ വഴി റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ ഏകദേശം 2 മുതൽ 3 കിലോമീറ്റർ ചുറ്റളവിൽ നിലവിൽ റേഷൻ കടകൾ പ്രവർത്തിച്ച് വരുന്നതിനാലും എല്ലാ ആദിവാസി ഊരുകളുമായി ബന്ധപ്പെട്ട് ഗതാഗതയോഗ്യമായ റോഡുകൾ ഉള്ളതിനാലും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളിൽ മൊബൈൽ റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യേണ്ട സാഹചര്യം നിലവിലില്ല. എന്നാൽ പ്രസ്തുത മണ്ഡലത്തിലെ ഏതെങ്കിലും പട്ടികവർഗ്ഗ കോളനികളിൽ റേഷൻ സാധനങ്ങൾ ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.